പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 656 — 30.06.2016-ൽ മറുപടിക്ക്.

## അന്യസംസ്ഥാനങ്ങളിൽ നിന്നുള്ള കുട്ടികളെ ബാലവേല ചെയ്യിക്കുന്നത്

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.പി.കെ.ശശി | ശ്രീ. റ്റി. പി. രാമകൃഷ്ണൻ<br>തൊഴിലും എക്സൈസും വകുപ്പ് മന്ത്രി |
| (എ) അന്യസംസ്ഥാനങ്ങളിൽ നിന്നുള്ള പ്രായപൂർത്തിയാകാത്ത കുട്ടികളെ സംസ്ഥാനത്തു പലയിടത്തും ബാലവേലയ്ക്കും, അനാഥാലയങ്ങളിലെ കുട്ടികളായും ചെങ്കൽ, കരിങ്കൽ, സിമന്റ് കല്ല് നിർമ്മാണ കമ്പനികളിലും തൊഴിൽ ചെയ്യിക്കുന്നതായി സർക്കാരിന്റെയും തൊഴിൽ വകുപ്പിന്റെയും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br>(ബി) എങ്കിൽ കഴിഞ്ഞ ഭരണ കാലയളവിൽ ഇത്തരത്തിൽ കുറ്റകൃത്യങ്ങൽ നടത്തിയതായി കണ്ടെത്തിയ കേസ്സുകൾ എത്രയെന്നും എത്ര കേസ്സ് രജിസ്റ്റർ ചെയ്തുവെന്നും തുടർനടപടി സ്വീകരിച്ച കേസ്സുകൾ എത്രയെന്നും വ്യക്തമാക്കുമോ; | (എ) & (ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരങ്ങൾ അനുബന്ധം I-ആയി ചേർക്കുന്നു. |
| (സി) ബാലവേല നിയന്ത്രിക്കേണ്ട ജില്ലാ കലക്ടർമാർ അദ്ധ്യക്ഷനായുള്ള ചൈൽഡ് ലേബർ റീഹാബിലിറ്റേഷൻ കം വെൽഫയർ കമ്മിറ്റി കഴിഞ്ഞ ഭരണ കാലത്ത് ഓരോ ജില്ലയിലും നടത്തിയ പ്രവർത്തനങ്ങളും ഓരോ ജില്ലയിലും ഇതിനായി എത്ര യോഗങ്ങൾ കൂടി എന്നും വ്യക്തമാക്കാമോ; | (സി) ജില്ലാതലത്തിൽ നടത്തിയ പ്രവർത്തനങ്ങളുടെ വിശദ വിവരങ്ങൾ അനുബന്ധം II-ആയി ചേർക്കുന്നു. |

| | |
|---|---|
| (ഡി) പ്രസ്തുത കമ്മിറ്റികളുടെ പ്രവർത്തനം ഫലപ്രദമാക്കാൻ ഈ . സർക്കാർ എന്തു നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (ഡി) ചൈൽഡ് ലേബർ റിഹാബിലിറ്റേഷൻ കം വെൽഫെയർ കമ്മിറ്റികളുടെ പ്രവർത്തനത്തിൽ എന്തെങ്കിലും അപാകതകൾ ശ്രദ്ധയിൽപ്പെട്ടാൽ ആവശ്യമായ നടപടികളെടുക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം I**

| ക്രമ നമ്പർ | ജില്ല | കണ്ടെത്തിയ കേസുകളുടെ എണ്ണം | രജിസ്റ്റർ ചെയ്ത് തുടർ നടപടി സ്വീകരിച്ച കേസുകളുടെ എണ്ണം |
|---|---|---|---|
| 1. | തിരുവനന്തപുരം | 1 | 1 (കോടതിയുടെ പരിഗണനയിലാണ്) |
| 2. | കൊല്ലം | ഇല്ല | ഇല്ല |
| 3. | പത്തനംതിട്ട | 1 | 1 (കോടതിയുടെ പരിഗണനയിലാണ്) |
| 4. | ആലപ്പുഴ | 1 | 1 (കോടതിയുടെ പരിഗണനയിലാണ്) |
| 5. | കോട്ടയം | ഇല്ല | ഇല്ല |
| 6. | ഇടുക്കി | ഇല്ല | ഇല്ല |
| 7. | എറണാകുളം | 3 | 2 (കോടതിയുടെ പരിഗണനയിലാണ്) |
| 8. | തൃശ്ശൂർ | 1 | 1 (കോടതിയുടെ പരിഗണനയിലാണ്) |
| 9. | പാലക്കാട് | ഇല്ല | ഇല്ല |
| 10. | മലപ്പുറം | ഇല്ല | ഇല്ല |
| 11. | കോഴിക്കോട് | ഇല്ല | ഇല്ല |
| 12. | കണ്ണൂർ | ഇല്ല | ഇല്ല |
| 13 | വയനാട് | ഇല്ല | ഇല്ല |
| 14. | കാസർഗോഡ് | 1 | 1 (തൊഴിലുടമയ്ക്ക് 10,000/- രൂപ പിഴ ശിക്ഷ വിധിച്ചു). |

സെക്ഷൻ ഓഫീസർ

## <u>അനുബന്ധം II</u>

1. **<u>തിരുവനന്തപുരം</u>**:- ജില്ലാ കളക്ടർ അദ്ധ്യക്ഷനായുള്ള ചൈൽഡ് ലേബർ വെൽഫെയർ കമ്മിറ്റിയുടെ യോഗ തീരുമാനപ്രകാരം ബാലവേല വിമുക്ത ജില്ലായാക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് രൂപം നല്കി. ജില്ലയിലെ വിവിധ പ്രദേശങ്ങളിൽ പരിശോധന നടത്തുകയും ബാലവേലയ്ക്ക് എതിരായ സ്റ്റിക്കറുകൾ വ്യാപാര സ്ഥാപനങ്ങളിലും, പൊതുജന ശ്രദ്ധ ലഭിക്കുന്ന സ്ഥലങ്ങളിലും പതിക്കുകയും, ബോധവൽക്കരണ സന്ദേശങ്ങൾ അടങ്ങിയ ലഘുലേഖകൾ വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. കൂടാതെ 2013-ൽ തിരുവനന്തപുരം ജില്ലയെ ബാലവേല വിമുക്ത ജില്ലായായി പ്രഖ്യാപിക്കുകയും ചെയ്തിട്ടുണ്ട്.
2. **<u>കൊല്ലം</u>**:- ജില്ലാ കളക്ടർ അദ്ധ്യക്ഷനായുള്ള ചൈൽഡ് ലേബർ റിഹാബിലിറ്റേഷൻ കം വെൽഫെയർ കമ്മിറ്റിയുടെയും ജില്ലാ ലേബർ ഓഫീസിന്റെയും ചൈൽഡ് ലൈനിന്റെയും സംയുക്താഭിമുഖ്യത്തിൽ 2012, 2013, 2014, 2015 എന്നീ വർഷങ്ങളിൽ ബാലവേല വിരുദ്ധ ദിനം ആചരിച്ചിട്ടുണ്ട്. കുട്ടികളെ സംഘടിപ്പിച്ചിട്ടുള്ള സെമിനാർ, ബോധവൽക്കരണ ക്ലാസ്സ് എന്നിവ ദിനാചരണത്തിന്റെ ഭാഗമായി നടത്തിയിട്ടുണ്ട്. 2013-ൽ കൊല്ലം ജില്ലയെ ബാലവേല വിമുക്ത ജില്ലായായി പ്രഖ്യാപിക്കുകയും ചെയ്തിട്ടുണ്ട്.
3. **<u>പത്തനംതിട്ട</u>**:- ചൈൽഡ് ലേബർ റിഹാബിലിറ്റേഷൻ കം വെൽഫെയർ കമ്മിറ്റിയുടെ 3 യോഗങ്ങൾ കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ ജില്ലയിൽ കൂടിയിട്ടുണ്ട്. താലൂക്ക് തലത്തിൽ തഹസീൽദാർ ചെയർമാനായും അസിസ്റ്റന്റ് ലേബർ ഓഫീസർ കൺവീനറായുള്ള ടാസ്ക്ഫോഴ്സ് രൂപീകരിച്ച് പ്രവർത്തിക്കുന്നുണ്ട്.
4. **<u>ആലപ്പുഴ</u>**:- ആലപ്പുഴ ജില്ലാ കളക്ടർ അദ്ധ്യക്ഷനായുള്ള ചൈൽഡ് ലേബർ റിഹാബിലിറ്റേഷൻ കം വെൽഫെയർ കമ്മിറ്റി കഴിഞ്ഞ ഭരണകാലത്ത് 3 യോഗങ്ങൾ ചേർന്നിട്ടുണ്ട്. കൂടാതെ അന്തർദേശീയ ബാലവേല വിരുദ്ധ ദിനമായ 2016 ജൂൺ 12-ന് ചൈൽഡ് ലൈൻ പ്രവർത്തകരുമായി സഹകരിച്ച് ജില്ലയിലെ ഹോട്ടലുകൾ, വർക്ക്ഷോപ്പുകൾ, റെയിൽവേ സ്റ്റേഷനുകൾ, ബസ് സ്റ്റാന്റുകൾ തുടങ്ങിയ സ്ഥലങ്ങളിൽ പ്രത്യേക പരിശോധനകൾ നടത്തി.
5. **<u>കോട്ടയം</u>**:- 31/07/2012-നാണ് ജില്ലയിൽ അവസാനമായി ചൈൽഡ് വെൽഫെയർ കമ്മിറ്റിയുടെ യോഗം ചേർന്നത്. ചൈൽഡ് ലേബർ റിഹാബിലിറ്റേഷൻ കം വെൽഫെയർ സൊസൈറ്റിയുടെയും ചൈൽഡ് ലൈനിന്റെയും സംയുക്താഭിമുഖ്യത്തിൽ 13/06/2016-ന് ആഗോള ബാലവേല വിരുദ്ധ ദിനാചരണവും സ്കൂൾ കുട്ടികൾക്കായി ബാലവേല വിരുദ്ധ ബോധവത്ക്കരണ ക്ലാസ്സുകളും നടത്തുകയുണ്ടായി.
6. **<u>ഇടുക്കി</u>**:- കഴിഞ്ഞ ഭരണകാലത്ത് ഇടുക്കി ജില്ലയിൽ ചൈൽഡ് ലേബർ റിഹാബിലിറ്റേഷൻ കം വെൽഫെയർ കമ്മിറ്റിയുടെ യോഗം ചേർന്നിട്ടില്ല.
7. **<u>എറണാകുളം</u>**:- ജില്ലയിൽ ചൈൽഡ് ലേബർ റിഹാബിലിറ്റേഷൻ കം വെൽഫെയർ സൊസൈറ്റിയുടെ മീറ്റിംഗ് 7 തവണ കൂടുകയുണ്ടായി. എല്ലാ വർഷവും ലോക ബാലവേല വിരുദ്ധ ദിനത്തോടനുബന്ധിച്ച് മറ്റ് പ്രചാരണ പ്രവർത്തനങ്ങളും നടത്താറുണ്ട്. ബാലവേല വിരുദ്ധ ബോധവത്ക്കരണ പോസ്റ്ററുകൾ അച്ചടിച്ച് വിതരണം ചെയ്തിട്ടുമുണ്ട്.

8. **തൃശ്ശൂർ**:- ജില്ലയിൽ ചൈൽഡ് ലേബർ റിഹാബിലിറ്റേഷൻ കം വെൽഫെയർ കമ്മിറ്റിയുടെ ഒരു യോഗം 16/07/2012-ന് കൂടിയിട്ടുണ്ട്. ജില്ലാ ലേബർ ഓഫീസറുടെ നേതൃത്വത്തിൽ ബാലവേല വിരുദ്ധ സ്ക്വാഡ് സജീവമായി പ്രവർത്തിക്കുന്നു. ജില്ലയിൽ ബാലവേല വിരുദ്ധ ദിനാചരണം സംഘടിപ്പിക്കുകയും ഉണ്ടായി.

9. **പാലക്കാട്**:- ജില്ലയിൽ ചൈൽഡ് ലേബർ റിഹാബിലിറ്റേഷൻ കം വെൽഫെയർ കമ്മിറ്റിയുടെ 10 യോഗങ്ങൾ കൂടുകയും 5 സ്ക്വാഡ് പ്രവർത്തനങ്ങളും 3 ബോധവത്ക്കരണ ക്യാമ്പുകൾ സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

10. **മലപ്പുറം**:- മലപ്പുറം അഡീഷണൽ മജിസ്ട്രേറ്റിന്റെ അദ്ധ്യക്ഷതയിൽ 26/04/2013-നും ചൈൽഡ് ലേബർ റിഹാബിലിറ്റേഷൻ കം വെൽഫെയർ കമ്മിറ്റിയുടെ യോഗം കൂടിയിട്ടുണ്ട്. 12/06/2013-ന് മലപ്പുറം മുൻസിപ്പൽ ബസ്സ്റ്റാന്റ് ഓഡിറ്റോറിയത്തിൽ വച്ച് ബോധവത്ക്കരണ സെമിനാറും നടത്തിയിട്ടുണ്ട്. ജില്ലയിലെ സ്കൂളുകളിൽ അസംബ്ലി ചേർന്ന് ബാലവേല വിരുദ്ധ പ്രതിജ്ഞയും എടുത്തിട്ടുണ്ട്.

11. **കോഴിക്കോട്**:- ചൈൽഡ് ലേബർ റിഹാബിലിറ്റേഷൻ കം വെൽഫെയർ കമ്മിറ്റിയുടെ 3 യോഗങ്ങൾ കൂടിയിട്ടുണ്ട്.

12. **വയനാട്**:- ചൈൽഡ് ലേബർ റിഹാബിലിറ്റേഷൻ കം വെൽഫെയർ കമ്മിറ്റിയുടെ യോഗങ്ങൾ ചേർന്നിട്ടില്ല.

13. **കണ്ണൂർ**:- കണ്ണൂർ ജില്ലയിൽ ബാലവേലയ്ക്കെതിരെയുള്ള പ്രചരണത്തിന്റെ ഭാഗമായി എല്ലാ പ്രധാനപ്പെട്ട വർത്തമാന പത്രങ്ങൾ, ദൃശ്യമാധ്യമങ്ങൾ എന്നിവ വഴി പ്രചാരണ പ്രവർത്തനങ്ങൾ നടത്തി ജനങ്ങളിൽ അവബോധം വളർത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. ചൈൽഡ് ലേബർ റിഹാബിലിറ്റേഷൻ കം വെൽഫെയർ കമ്മിറ്റിയുടെ 5 യോഗങ്ങൾ കഴിഞ്ഞ ഭരണകാലത്ത് ചേർന്നിട്ടുണ്ട്.

14. **കാസർഗോഡ്**:-കാസർഗോഡ് ജില്ലയിൽ കമ്മിറ്റി യോഗങ്ങൾ ഈ കാലയളവിൽ കൂടിയിട്ടില്ല.

---

സെക്ഷൻ ഓഫീസർ